**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 532** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് വിൽക്കുന്ന പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നിലവിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക നികുതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നിലവിലുള്ള നികുതികൾ അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.

**(ബി)** പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിനും പാചകവാതക സിലിണ്ടറിനും സി.എൻ.ജി.ക്ക് കിലോ അളവിനും സംസ്ഥാന സർക്കാർ ചുമത്തിയിട്ടുള്ള നികുതി എത്ര വീതമെന്നും പ്രത്യേകം അറിയിക്കാമോ;

**<u>മറുപടി:</u>** പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് സംസ്ഥാന സർക്കാർ ചുമത്തിയിരിക്കുന്ന നികുതിനിരക്കുകൾ അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.

**(സി)** 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പെട്രോൾ, ഡീസൽ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നികുതി ഏർപ്പെടുത്തിയതും വർദ്ധിപ്പിച്ചതും ആയ തീയതികൾ ഏതൊക്കെയാണെന്നും പ്രസ്തുത തീയതികളിൽ ഏർപ്പെടുത്തിയിട്ടുള്ളതും വർദ്ധിപ്പിച്ചിട്ടുള്ളതുമായ നികുതി എത്രയാണെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഡീസൽ, പെട്രോൾ, സി.എൻ.ജി., പാചകവാതകം തുടങ്ങിയവയ്ക്ക് നികുതി ഏർപ്പെടുത്തിയതും വർദ്ധിപ്പിച്ചതും ആയ തീയതികൾ അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു.

**(ഡി)** സംസ്ഥാനത്ത് ക്ഷേമ പെൻഷൻ നൽകുന്നതിനായി ഏർപ്പെടുത്തിയ ഇന്ധന സെസ്സ് നിലവിൽ വന്നത് മുതൽ നാളിതുവരെയും ടി സെസ് ഇനത്തിൽ ആകെ എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ;

**<u>മറുപടി:</u>** സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്.

Kerala Finance Act, 2023 പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങിയത്. പെട്രോളിനും ഡീസലിനും രണ്ട് രൂപ നിരക്കിലാണ് സെസ് ഏർപ്പെടുത്തിയത്. 2023 ഏപ്രിൽ മുതൽ 2025 ഡിസംബർ 31 വരെ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം-4) ചേർക്കുന്നു,

**(ഇ)** സംസ്ഥാനത്ത് ക്ഷേമ പെൻഷൻ നൽകുന്നതിന് വേണ്ടി ഏർപ്പെടുത്തിയിരുന്ന ഇന്ധന സെസ്സ് തുക ക്ഷേമ പെൻഷനുകൾക്കല്ലാതെ മറ്റേതെങ്കിലും കാര്യത്തിന് വേണ്ടി വിനിയോഗിച്ചിട്ടുണ്ടോ എന്നതും അറിയിക്കാമോ;

**<u>മറുപടി:</u>** സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രാധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 1050 കോടിയോളം രൂപ ആവശ്യമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 954.32 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 977.78 കോടി രൂപയും 2025-26 ൽ (31 ഡിസംബർ 2025 വരെ) 824.35 കോടി രൂപയുമാണ് പെട്രോൾ, ഡീസൽ സെസ്സിനത്തിൽ ആകെ ലഭിച്ചത്. അതായത് ഒരു സാമ്പത്തിക വർഷത്തിൽ ഇന്ധന സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകുകയില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

**(എഫ്)** സംസ്ഥാനത്ത് ഇന്ധന സെസ്സിലൂടെ ശേഖരിച്ച തുകയിൽ നിന്ന് ക്ഷേമ പെൻഷനുകൾ നൽകിയതിനു ശേഷം തുക ബാക്കി വന്നിട്ടുണ്ടെങ്കിൽ അത് എത്രയായിരുന്നു എന്നത് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

**<u>മറുപടി:</u>** സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രാധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 1050 കോടിയോളം രൂപ ആവശ്യമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 954.32 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 977.78 കോടി രൂപയും 2025-26 ൽ (31 ഡിസംബർ 2025 വരെ) 824.35 കോടി രൂപയുമാണ് പെട്രോൾ, ഡീസൽ സെസ്സിനത്തിൽ ആകെ ലഭിച്ചത്. അതായത് ഒരു സാമ്പത്തിക വർഷത്തിൽ ഇന്ധന സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകുകയില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-1**

| ഉൽപ്പന്നം | നികുതികൾ |
|---|---|
| പെട്രോൾ | കെ.ജി.എസ്.റ്റി. നിയമപ്രകാരമുള്ള സെയിൽസ് ടാക്സ് ചുമത്തുന്നു. ഇതിനു പുറമെ, അഡീഷണൽ സെയിൽസ് ടാക്സ്, 1% സെസ്, സാമൂഹ്യ സുരക്ഷാ സെസ് എന്നിവയും ഈടാക്കുന്നു. |
| ഡീസൽ | കെ.ജി.എസ്.റ്റി. നിയമപ്രകാരമുള്ള സെയിൽസ് ടാക്സ് ചുമത്തുന്നു. ഇതിനു പുറമെ, അഡീഷണൽ സെയിൽസ് ടാക്സ്, 1% സെസ്, സാമൂഹ്യ സുരക്ഷാ സെസ് എന്നിവയും ഈടാക്കുന്നു. |
| സി.എൻ.ജി. | കേരള വാല്യൂ ആഡഡ് ടാക്സ് (Kerala VAT) |
| പാചകവാതകം | ചരക്ക് സേവന നികുതി (Goods and Services Tax) |

സെക്ഷൻ ഓഫീസർ

## അനുബന്ധം-3

| തീയതി | പെട്രോൾ | ഡീസൽ | സി.എൻ.ജി. | പാചക വാതകം | |
|---|---|---|---|---|---|
| | കെ.ജി.എസ്.ടി. | കെ.ജി.എസ്.ടി. | വാറ്റ് | വാറ്റ് | ജി.എസ്.ടി. |
| 01-01-2016 ൽ നിലവിൽ ഉണ്ടായിരുന്ന നിരക്ക് | 31.8% സെയിൽസ് ടാക്സ് + ലിറ്ററിന് 1 രൂപ നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ് + 1% സെസ് | 24.52% സെയിൽസ് ടാക്സ് + ലിറ്ററിന് 1 രൂപ നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ് + 1% സെസ് | 14.5% | വാണിജ്യം – 14.5% ഗാർഹികം – 5% | – |
| 01-07-2017 | – | – | – | 01.07.2017 മുതൽ പാചകവാതകം ജി.എസ്.ടി. യുടെ പരിധിയിൽ ആയതിനാൽ വാറ്റ് പൂർണ്ണമായും ഒഴിവാക്കി | വാണിജ്യം 18% ജി.എസ്.ടി. (സി.ജി. എസ്.ടി. 9% + എസ്. ജി.എസ്.ടി. – 9%) ഗാർഹികം – 5% ജി.എസ്.ടി. (സി.ജി.എസ്.ടി. 2.5% + എസ്. ജി.എസ്.ടി. 2.5%) |
| 01-06-2018 (നികുതി നിരക്ക് കുറച്ചു) | 30.08% സെയിൽസ് ടാക്സ് + ലിറ്ററിന് 1 രൂപ നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ് + 1% സെസ് | 22.76% സെയിൽസ് ടാക്സ് + ലിറ്ററിന് 1 രൂപ നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ് + 1% സെസ് | – | – | – |
| 01-04-2021 (നികുതി നിരക്ക് കുറച്ചു) | – | – | 5% | – | – |
| 01-04-2023 (സാമൂഹ്യ സുരക്ഷാ | 30.08% സെയിൽസ് ടാക്സ് + ലിറ്ററിന് 1 രൂപ | 22.76% സെയിൽസ് ടാക്സ് + ലിറ്ററിന് 1 രൂപ നിരക്കിൽ | – | – | – |

| | | | | | |
|---|---|---|---|---|---|
| സെസ് ഏർപ്പെടുത്തി) | നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ്, + 1% സെസ് + ലിറ്ററിന് 2 രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ് | അഡീഷണൽ സെയിൽസ് ടാക്സ് + 1% സെസ് + ലിറ്ററിന് 2 രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ് | | | |

**സെക്ഷൻ ഓഫീസർ**